**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3472 — 20.06.2018 ൽ മറുപടിയ്ക്ക്

**ജയിൽ ഡി.ജി.പി. യ്ക്ക് നൽകിയ അപേക്ഷ**

| ചോദ്യം<br>ശ്രീ. എം. വിൻസെന്റ് | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| ശ്രീമതി ബിനു കെ.ഐ., ടിയാളുടെ മകൻ പ്രണബിനെ ജയിലിൽ ഉപദ്രവിച്ചതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് 24.01.2018 ൽ ജയിൽ ഡി.ജി.പി. യ്ക്ക് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരവും അതിൽ പ്രതിപാദിയ്ക്കുന്ന രേഖകളുടെ പകർപ്പും ലഭ്യമാക്കാമോ ? | നെയ്യാറ്റിൻകര സ്പെഷ്യൽ സബ് ജയിലിലെ യു.ടി. 8427 പ്രബിൻ എന്ന തടവുകാരനെ ടി ജയിലിലെ ഉദ്യോഗസ്ഥർ മർദ്ദിച്ചുവെന്നാരോപിച്ച് ശ്രീമതി ബിനു കെ.ഐ. 24.01.2018 തീയതിയിൽ പരാതി സമർപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ടി പരാതിയിന്മേൽ കൈക്കൊണ്ട നടപടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുന്ന താഴെപ്പറയുന്ന രേഖകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.<br>(i) ശ്രീമതി. ബിനു കെ.ഐ.യുടെ പരാതിയുടെ പകർപ്പ്<br>(ii) ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ്.<br>(iii) പുനഃ പ്രവേശിപ്പിച്ച കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ്.<br>(iv) അച്ചടക്ക നടപടികൾ തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് . |

സെക്ഷൻ ഓഫീസർ

[illegible] 2043, 4

ബഹുമാനപ്പെട്ട ജയിൽ ഡി.ജി.പി. ക്ക് മുൻപാകെ

കരുമം തിരുവോണം വീട്ടിൽ A. പ്രഭാകരന്റെ ഭാര്യ

വിനു. K.I സമർപ്പിക്കുന്ന പരാതി.

ഞാൻ മണക്കാട് V&HSS ലെ ഹൈസ്കൂൾ അധ്യാപികയാണ്. 2018 ജനുവരി ഒന്നാം തീയതി എന്റെ വീട്ടിനടുത്തുള്ള ബൈജു എന്നയാൾ എന്റെ മകന്റെ കൈവശം കുറച്ച് ലഹരി ഗുളികകൾ വിൽക്കാൻ എന്ന് പറഞ്ഞു കൊടുക്കാൻ കൊടുത്തയച്ചു. ഇത് മണ്ണന്തലയിലെ എക്സൈസ് ഓഫീസർ പിടികൂടി. എന്നാൽ കൊടുത്തയച്ചയാളിനെയും, വാങ്ങാൻ വന്നയാളിനെയും പിടിക്കാതെ എന്റെ മകനെ മാത്രം അറസ്റ്റ് ചെയ്തു. വിലങ്ങു വച്ച് റോഡിലൂടെ വലിച്ചിഴച്ച് എന്റെ വീട് റെയ്ഡ് ചെയ്തു. എന്നാൽ ഒരു ലഹരിവസ്തുവും വീട്ടിൽ നിന്ന് കണ്ടെടുക്കാനായില്ല. എന്നാൽ FIR പ്രകാരം 1.350 ഗ്രാം [illegible] രേഖപ്പെടുത്തി റിമാന്റ് ചെയ്തു. തുടർന്ന് തൊഴിക്കൽ സ്പെഷ്യൽ സബ് ജയിലിൽ കൊണ്ടുപോയി. എന്റെ മകൻ (prabin - 18 വയസ്) മാനസിക അസ്വാസ്ഥ്യത്തിന് ചികിത്സയിലായിരുന്നു. ജനുവരി 4-ാം തീയതി ഞാൻ മകനെ കാണാൻ പോയപ്പോൾ അവനെ [illegible] അവശനാക്കിയിരുന്നു. 3-ാം തീയതിയാണ് ഉപദ്രവിച്ചതെന്ന് പറഞ്ഞു. തുടർന്ന് മജിസ്ട്രേറ്റ് ഓർഡർ വാങ്ങി; തിരുവനന്തപുരം മെന്റൽ ആശുപത്രിയിലെ ഫോറൻസിക് വാർഡിലാക്കി. ചികിത്സയും കൗൺസിലിംഗും നൽകി, മാനസികവും ശാരീരികമായും സന്തോഷവാനായിരുന്നു. തുടർന്ന് 20-ാം തീയതി വീണ്ടും തൊഴിക്കൽ ജയിലിലേക്ക് കൊണ്ടുപോയി.

(P.T.O)

ഇന്ന് ഞാനും മകളും ഭർത്താവും ...
കാണാൻ പോയി. എന്നാൽ എന്റെ മകന്
നിൽക്കാനോ, ഒന്ന് സംസാരിക്കാനോ കഴിയാ...
വിധം അവശനായിരുന്നു. ഒന്നു കണ്ണു തുറക്കുക മാത്ര...
അവൻ ചെയ്തത്. 10 മിനിട്ട് ഞങ്ങളുടെ മുന്നി...
ഇരുന്നിട്ട് നടക്കാൻ വയ്യാത്തവിധം വഴിയിൽ ഇരി...
കയാണ് ചെയ്തത്. കണ്ടപ്പോൾ നന്നായി ഉപ...
വിട്ടു എന്ന് തോന്നുന്നു. ഇനിയും 7 ദിവസം കഴിഞ്ഞേ
ജാമ്യം കിട്ടാൻ സാധ്യതയുള്ളൂ.

തുടർന്ന് സൂപ്രണ്ട് സാറിനോട് ആശുപത്രി
യിൽ കൊണ്ടുപോകണം എന്ന് request ചെയ്തു.
കൊണ്ടുപോകാം എന്ന് പറഞ്ഞു. എന്നാൽ 1.47ന്
സൂപ്രണ്ട് സാർ എന്റെ ഫോണിൽ 12 മിനിട്ട് 45
സെക്കന്റ് എന്നോട് സംസാരിച്ചു. അതിന്റെ റിക്കോർഡിങ്ങ്
ഹാജരാക്കാം.

ദയവുചെയ്ത് എന്റെ മകനെ ഉപദ്രവത്തിൽ
നിന്ന് രക്ഷിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണ
മെന്നും ഒരു അമ്മയുടെ മാനസികവേദന പരിഗണി
ക്കണമെന്നും താഴ്മയായി അപേക്ഷിക്കുന്നു.

എന്ന്

Binu 24/11/2018
BINU. K. I
9656117575

കൊല്ലം,
24/11/2018.

സെക്ഷൻ ഓഫീസർ

# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം

<u>നടപടികൾ</u>

വിഷയം : ജയിലുകൾ-ജീവനക്കാര്യം-സ്പെഷ്യൽ സബ് ജയിൽ നെയ്യാറ്റിൻകര-സൂപ്രണ്ട് ജി.ആർ.വേലപ്പൻനായർ,അസി.പ്രിസൺ ഓഫീസർ ശ്രീ.രതീഷ് ആർ.പി എന്നിവരെ സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1. ശ്രീമതി. ബിനു കെ. ഐ. W/o എ. പ്രഭാകരൻ, കരുമം, 24-01-2018 തിയതിയിൽ സമർപ്പിച്ച പരാതി
2.ദക്ഷിണമേഖല ഡി.ഐ.ജിയുടെ 25/01/2018 തീയതിയിലെ ഡി.ഐ.ജി -1/18 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ് നമ്പർ. E2-2040/2018/PrHQ; തീയതി : 25-01-2018</u>**

നെയ്യാറ്റിൻകര സ്പെഷ്യൽ സബ് ജയിലിലെ യു.ടി 8427 പ്രബിൻ s/o പ്രഭാകരൻ എന്ന തടവുകാരനെ ടി ജയിലിലെ ഉദ്യോഗസ്ഥർ മർദ്ദിച്ചുവെന്നാരോപിച്ച് ടി തടവുകാരൻറ അമ്മ ശ്രീമതി ബിനു.കെ.ഐ. സമർപ്പിച്ച പരാതിയിൻമേൽ ദക്ഷിണമേഖല ഡി.ഐ.ജി അന്വേഷണം നടത്തി സൂചന 2 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പ്രകാരം 03/01/18 തീയതിയിൽ ടി തടവുകാരനെ വെരിഫിക്കേഷനായി സൂപ്രണ്ട് ശ്രീ.ജി.ആർ വേലപ്പൻനായരുടെ മുൻപിൽ ഹാജരാക്കിയ സമയം അസി.പ്രിസൺ ഓഫീസർ ശ്രീ.രതീഷ് ആർ.പി എന്ന ഉദ്യോഗസ്ഥൻ ടി തടവുകാരനെ മർദ്ദിച്ചുവന്നും,ടി ഉദ്യോഗസ്ഥൻ തടവുകാരനെ മർദ്ദിച്ച സമയം അത് തടയുന്നതിൽ സൂപ്രണ്ട് വീഴ്ച വരുത്തുകയും ചെയ്തുവെന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

ടി റിപ്പോർട്ട് പരിശോധിച്ചതിൽ ടി ഉദ്യോഗസ്ഥർ പ്രഥമദൃഷ്ട്യാ കുറ്റക്കാരാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നു.ആയതിൻറ അടിസ്ഥാനത്തിൽ ശിക്ഷണ നടപടികളുടെ ഭാഗമായി, സൂപ്രണ്ട് ശ്രീ.ജി.ആർ വേലപ്പൻനായർ, അസി.പ്രിസൺ ഓഫീസർ ശ്രീ.രതീഷ് ആർ.പി എന്നീ ഉദ്യോഗസ്ഥരെ, ഉടൻ പ്രാബല്യത്തിൽ, അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു. ടി ഉദ്യോഗസ്ഥർക്ക് [illegible] നിയമാനുസൃതമായ ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : 1. ശ്രീ.ജി.ആർ വേലപ്പൻനായർ
സൂപ്രണ്ട്
സ്പെഷ്യൽ സബ് ജയിൽ
നെയ്യാറ്റിൻകര
2. ശ്രീ.രതീഷ് ആർ.പി
അസി.പ്രിസൺ ഓഫീസർ
സ്പെഷ്യൽ സബ് ജയിൽ
നെയ്യാറ്റിൻകര

പകർപ്പ് : ഡി.ഐ.ജി(പ്രിസൺസ്)
ദക്ഷിണമേഖല

സെക്ഷൻ ഓഫീസർ

E2-2040/2018/PrHQ

419964

# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം

## നടപടികൾ

വിഷയം : ജയിലുകൾ-ജീവനക്കാര്യം-ശ്രീ.ജി.ആർ.വേലപ്പൻനായർ സൂപ്രണ്ട്, ശ്രീ.രതീഷ്.ആർ.പി. അസി.പ്രിസൺ ഓഫീസർ എന്നിവരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 25/01/2018 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്

ഉത്തരവ് നമ്പർ. E2-2040/2018/PrHQ; തീയതി : 23-03-2018

പരാമർശത്തിലെ ഉത്തരവ് പ്രകാരം നെയ്യാറ്റിൻകര സ്പെഷ്യൽ സബ് ജയിലിലെ സൂപ്രണ്ട് ശ്രീ.ജി.ആർ.വേലപ്പൻനായർ, അസി.പ്രിസൺ ഓഫീസർ ശ്രീ.രതീഷ് ആർ.പി എന്നിവരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്തിരുന്നു. അച്ചടക്ക നടപടികൾക്ക് ഊനം തട്ടാത്ത വിധത്തിൽ ടി ഉദ്യോഗസ്ഥരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ടും ശ്രീ.ജി.ആർ.വേലപ്പൻനായരെ തിരുവനന്തപുരം ജില്ലാ ജയി ലിലേക്കും, ശ്രീ.രതീഷ്.ആർ.പിയെ തിരുവനന്തപുരം സെൻട്രൽ ജയിൽ ആൻഡ് കറക്ഷണൽ ഹോമിലെ നിലവിലുള്ള ഒഴിവിലേക്കും നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തിരുവനന്തപുരം ജില്ലാ ജയിലിലെ ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ.രേണുകുമാർ.എം.പി യെ നെയ്യാറ്റിൻകര സ്പെഷ്യൽ സബ് ജയിൽ സൂപ്രണ്ടായി സ്ഥലംമാറ്റം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നടപ്പിലാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : ശ്രീ.ജി.ആർ.വേലപ്പൻനായർ,സൂപ്രണ്ട് (സസ്പെൻഷനിൽ)
ശ്രീ.രതീഷ്.ആർ.പി,അസി.പ്രിസൺ ഓഫീസർ (സസ്പെൻഷനിൽ)
സ്പെഷ്യൽ സബ് ജയിൽ
നെയ്യാറ്റിൻകര (സൂപ്രണ്ട് മുഖാന്തിരം)
ശ്രീ.രേണുകുമാർ.എം.പി,ഡെപ്യൂട്ടി സൂപ്രണ്ട്
ജില്ലാ ജയിൽ തിരുവനന്തപുരം
(സൂപ്രണ്ട് മുഖാന്തിരം)
സൂപ്രണ്ട്
സെൻട്രൽ ജയിൽ ആൻഡ് കറക്ഷണൽ ഹോം
തിരുവനന്തപുരം

പകർപ്പ് : അക്കൌണ്ടൻറ് ജനറൽ(A&E), കേരളം, തിരുവനന്തപുരം (With C/L)
ഡി.ഐ.ജി(പ്രി)ദക്ഷിണമേഖല
ഇ1- സെക്ഷൻ

സെക്ഷൻ ഓഫീസർ

E2-2040/2018/PrHQ

062603

-11-

# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം

## നടപടികൾ

വിഷയം : ജയിലുകൾ-ജയിലാസ്ഥാനകാര്യാലയം-ജീവനക്കാര്യം-നെയ്യാറ്റിൻകര സ്പെഷ്യൽ സബ് ജയിലിലെ പ്രബിൻ എന്ന റിമാൻറ് തടവുകാരനെ മർദ്ദിച്ച വിഷയത്തിൽ ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ.ജി.ആർ. വേലപ്പൻനായർ ക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പ് കല്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.24.01.2018 തീയതിയിലെ ശ്രീമതി.ബിനു.കെ.ഐയുടെ പരാതി

2.ദക്ഷിണമേഖല ഡി.ഐ.ജിയുടെ 25.01.2018 തീയതിയിലെ ഡി.ഐ.ജി-1/18 നമ്പർ കത്ത്

3.25.01.2018 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

4.22.02.2018തീയതിയിലെ ഇതേ നമ്പർ ചാർജ്ജ് മെമ്മോ

5.03.03.2018 തീയതിയിൽ ശ്രീ.ജി.ആർ.വേലപ്പൻനായർ സമർപ്പിച്ച പ്രതിവാദപത്രിക

6.14.03.2018 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

7.23.03.2018 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

8.02.05.2018 തീയതിയിൽ ശ്രീ.എസ് സജീവൻ സമർപ്പിച്ച വിശദാന്വേഷണ റിപ്പോർട്ട്

**ഉത്തരവ് നമ്പർ. E2-2040/2018/PrHQ; തീയതി : 28-05-2018**

നെയ്യാറ്റിൻകര സ്പെഷ്യൽ സബ് ജയിലിലെ യു.ടി 8427 പ്രബിൻ S/O പ്രഭാകരൻ എന്ന തടവുകാരനെ ടി ജയിലിലെ ഉദ്യോഗസ്ഥർ മർദ്ദിച്ചുവെന്നാരോപിച്ച് പരാമർശം 1 പ്രകാരം ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ദക്ഷിണമേഖല ഡി.ഐ.ജി അന്വേഷണം നടത്തി പരാമർശം 2 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ട് പ്രകാരം 03/01/2018 തീയതിയിൽ ടി തടവുകാരനെ വെരിഫിക്കേഷനായി സൂപ്രണ്ട് ശ്രീ.ജി.ആർ വേലപ്പൻനായരുടെ മുമ്പിൽ ഹാജരാക്കിയ സമയം അസി.പ്രിസൺ ഓഫീസർ ശ്രീ.രതീഷ്.ആർ.പി എന്ന ഉദ്യോഗസ്ഥൻ ടി തടവുകാരനെ മർദ്ദിച്ചുവെന്നും ടി ഉദ്യോഗസ്ഥൻ തടവുകാരനെ മർദ്ദിച്ച സമയം അത് തടയുന്നതിൽ സൂപ്രണ്ട് വീഴ്ച വരുത്തുകയും ചെയ്തിരുന്നുവെന്നും റിപ്പോർട്ട് ചെയ്തതിൻറ അടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം ടി ഉദ്യോഗസ്ഥരെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്തിരുന്നു.

പരാമർശം 4 പ്രകാരം ടിയാന് ചാർജ്ജ് മെമ്മോ നൽകിയിരുന്നു. ആയതിന് ടിയാൻ പരാമർശം 5 പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ ആരോപണങ്ങളെല്ലാം തന്നെ നിഷേധിച്ചിരുന്നു. തുടർന്ന് ടി വിഷയത്തിൽ വിശദാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നെട്ടുകാൽത്തേരി തുറന്ന ജയിൽ ആൻഡ് കറക്ഷണൽ ഹോം ജോയിൻറ് സൂപ്രണ്ട് ശ്രീ.എസ് സജീവനെ ചുമതലപ്പെടുത്തി കൊണ്ട് പരാമർശം 6 പ്രകാരം ഉത്തരവ് നല്കിയിരുന്നു. പരാമർശം 7 പ്രകാരം ടിയാനെതിരെയുള്ള അച്ചടക്കനടപടികൾക്ക് ഊനം തട്ടാത്തവിധത്തിൽ ടിയാനെ സർവ്വീസിൽ പുനപ്രവേശിപ്പിച്ച്കൊണ്ടും തിരുവനന്തപുരം ജില്ലാ ജയിലിൽ നിയമിച്ചുകൊണ്ടും ഉത്തരവ് നല്കിയിരുന്നു.

പരാമർശം 8 പ്രകാരം ശ്രീ.എസ് സജീവൻ സമർപ്പിച്ച വിശദാന്വേഷണ റിപ്പോർട്ടിൽ ശ്രീ. പ്രബിനെ ഡ്യൂട്ടിക്കാരനായ ശ്രീ. ആർ.പി. രതീഷ് മർദ്ദിച്ചതായും ആ

സമയത്ത് മർദ്ദിക്കുന്നത് തടയാൻ സൂപ്രണ്ട് ശ്രീ. ജി. ആർ. വേലപ്പൻ നായർ ശ്രമിച്ചിട്ടില്ലായെന്നുമുള്ള ആരോപണങ്ങൾ ദുഷ്ടലാക്കോടെ കെട്ടിച്ചമച്ചതാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

ടി റിപ്പോർട്ടിലെ കണ്ടെത്തലിൻ്റെ അടിസ്ഥാനം എന്താണെന്നുള്ള വസ്തുത ഇനിയും തെളിയിക്കപ്പെടേണ്ടതുണ്ടെങ്കിലും, ടിയാനനുകൂലമായി ഉദാര സമീപനം കൈക്കൊണ്ട്, ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാൻ പാടില്ലായെന്നുള്ള കർശനമായ താക്കീത് നല്കി, ടിയാനെതിരായ അച്ചടക്കനടപടി തീർപ്പ് കല്പിച്ച് ഉത്തരവാകുന്നു.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : ശ്രീ.ജി.ആർ.വേലപ്പൻനായർ
ഡെപ്യൂട്ടി സൂപ്രണ്ട്
ജില്ലാ ജയിൽ തിരുവനന്തപുരം
(സൂപ്രണ്ട് മുഖാന്തിരം രണ്ട് പകർപ്പുകൾ അയയ്ക്കുന്നു. ഒരെണ്ണത്തിൽ ടിയാൻ കൈപ്പറ്റുന്ന തീയതിയും ഒപ്പും രേഖപ്പെടുത്തി മടക്കി അയക്കേണ്ടതാണ്.)

സൂപ്രണ്ട്
ജില്ലാ ജയിൽ
തിരുവനന്തപുരം

പകർപ്പ് : ഡി.ഐ.ജി(പ്രി)
ദക്ഷിണമേഖല

സെക്ഷൻ ഓഫീസർ

E2-2040/2016/PrHO